**Athmaraksha.org**

തകർച്ചയുടെ വഴികൾ

## രക്ഷപെടാൻ വീണ്ടും അവസരങ്ങൾ തരുന്ന നമ്മുടെ ദൈവം




ഞാൻ പാപം ചെയ്തു; നീതി വിട്ടകന്നു; എങ്കിലും, എനിക്ക് അതിനു ശിക്ഷ ലഭിച്ചില്ല. പാതാളത്തിൽ പതിക്കാതെ അവിടുന്ന് എന്നെ രക്ഷിച്ചു. എന്റെ ജീവൻ പ്രകാശം കാണും. ദൈവം മനുഷ്യനോട് ഇപ്രകാരം രണ്ടോ മൂന്നോ തവണ പ്രവർത്തിക്കുന്നു. അവന്റെ ആത്മാവിനെ പാതാളത്തിൽനിന്നു തിരിച്ചെടുക്കുകയും അവൻ ജീവന്റെ പ്രകാശം കാണുകയും ചെയ്യേണ്ടതിനുതന്നെ (ജോബ് 33:27-30).

കഴിഞ്ഞകാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ടാ (ഏശയ്യാ 43:18). നിന്റെ തെറ്റുകൾ തുടച്ചുമാറ്റുന്ന ദൈവം

ഞാൻ തന്നെ; നിന്റെ പാപങ്ങൾ ഞാൻ ഓർക്കുകയില്ല (ഏശയ്യാ 43:25).

ആകയാൽ, ഇപ്പോൾ യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്കു ശിക്ഷാവിധിയില്ല (റോമാ 8:1).

കർത്താവ് അരുളിച്ചെയ്യുന്നു: വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്ത വർണമെങ്കിലും കമ്പിളിപോലെ വെളുക്കും (ഏശയ്യാ 1:18).

യോനായുടെ ഒളിച്ചോട്ടം (യോനാ 1:1-17)
യോനായുടെ പ്രാർത്ഥന (യോനാ 2:1-10)
നിനെവേയുടെ മാനസാന്തരം (യോനാ 3:1-10)

എന്റെ ജീവൻ മരവിച്ചപ്പോൾ, ഞാൻ കർത്താവിനെ ഓർത്തു. എന്റെ പ്രാർഥന അങ്ങയുടെ അടുക്കൽ, അങ്ങയുടെ വിശുദ്ധ മന്ദിരത്തിൽ, എത്തി (യോനാ 2:7).

യോനായ്ക്ക് ദൈവം വീണ്ടും അവസരം നൽകുന്നു.

യോനായ്ക്കു വീണ്ടും കർത്താവിന്റെ അരുളപ്പാടുണ്ടായി. എഴുന്നേറ്റ് മഹാനഗരമായ നിനെവേയിലേക്കു

പോവുക. ഞാൻ നൽകുന്ന സന്ദേശം നീ അവിടെ പ്രഘോഷിക്കുക (യോനാ 3:1-2).

നിശ്ചയമായും നിന്നെ ഞാൻ അനുഗ്രഹിക്കുകയും വർധിപ്പിക്കുകയും ചെയ്യും. അബ്രാഹം ദീർഘക്ഷമയോടെ കാത്തിരുന്ന് ഈ വാഗ്ദാനം പ്രാപിച്ചു (ഹെബ്രായർ 6:14-15).

കർത്താവ് നല്ലവനും കഷ്ടതയുടെ നാളിൽ അഭയദുർഗവുമാണ്. തന്നിൽ ആശ്രയിക്കുന്നവരെ അവിടുന്ന് അറിയുന്നു (നാഹും 1:7).

നീതിമാൻ ഏഴുതവണ വീണാലും വീണ്ടും എഴുന്നേൽക്കും; ദുഷ്ടനാകട്ടെ കാലിടറി വീഴുന്നത് പൂർണനാശത്തിലേക്കാണ് (സുഭാഷിതങ്ങൾ 24:16).